"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിക്ക് അനുവദിച്ചതും ഗ്രാമവികസന കമ്മീഷണറുടെ PSTSB അക്കൗണ്ടിൽ നിന്നും സർക്കാർ തിരിച്ചെടുത്തുമായ തുക 2022-23 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും തിരികെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1253/2022/LSGD തീയതി,തിരുവനന്തപുരം, 19-05-2022

---

പരാമർശം:-

1. 30.3.2022 തീയതിയിലെ സ.ഉ.(സാധാ.) നം.780/2022/ത.സ്വ.ഭ.വ. ഉത്തരവ്
2. ഗ്രാമവികസന കമ്മീഷണറുടെ 12.04.2022 തീയതിയിലെ 7644/എച്ച്&റ്റി 1/16/സി.ആർ.ഡി നമ്പർ കത്ത്.
3. 29.04.2022 തീയതിയിലെ സ.ഉ.(സാധാ ) നം. 3278/2022/ധന. ഉത്തരവ്.

**<u>ഉത്തരവ്</u>**

PMAY(G) യ്ക്ക് പട്ടിക വർഗ്ഗ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം 3,00,00,000 രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ കേന്ദ്ര വിഹിതം 2,99,98,000 രൂപയും സംസ്ഥാന വിഹിതം 2,00,00,000 രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ 1,99,98,667 രൂപയും ചേർത്ത് ആകെ 4,99,96,667 രൂപ കൂടി ബജറ്റിൽ വകയിരുത്തി ആകെ ലഭിക്കാനുള്ള 9,99,96,667/-രൂപ തിരികെ ലഭ്യമാക്കുന്നതിനും, ടി തുക പി.എം.എ.വൈ.(ജി) യുടെ സ്റ്റേറ്റ് നോഡൽ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് പ്രകാരമുള്ള തുക ട്രഷറിയിൽ നിന്നും മാറുവാൻ കഴിഞ്ഞിട്ടില്ല എന്നും, കേന്ദ്ര സർക്കാരിൽ നിന്നും 2016 -17 വർഷത്തെ രണ്ടാം ഗഡു തുകയും, 2021 -22 വർഷത്തെ ഒന്നാം ഗഡു തുകയും ലഭിക്കുന്നതിനുള്ള പ്രൊപോസൽ കേന്ദ്ര സർക്കാരിന് നൽകിയിരുന്നെങ്കിലും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം കേന്ദ്ര -സംസ്ഥാന സർക്കാരുകൾ PMAY (G) ക്ക് അനുവദിച്ചിരുന്ന തുക മുഴുവനും PMAY (G) യുടെ സ്റ്റേറ്റ് നോഡൽ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയാൽ മാത്രമേ കേന്ദ്ര സർക്കാരിൽ നിന്നും ഇനി ഫണ്ട് അനുവദിക്കുകയുള്ളൂ എന്നും, PMAY (G) ഭവന പദ്ധതിയുടെ PFMS അക്കൗണ്ടിൽ (SNA) മതിയായ തുക ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് FTO മുഖേന തുക നൽകുവാൻ കഴിയാത്ത അവസ്ഥയിലാണ് എന്നും ആയതിനാൽ PMAY (G) ക്ക് ഇനി തിരികെ ലഭിക്കാനുള്ള 9,99,96,667/- രൂപ PMAY (G)ക്ക് 2022-23ലെ ബഡ്ജറ്റിൽ പട്ടിക വർഗ്ഗ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം 3,00,00,000/- രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ കേന്ദ്ര വിഹിതം 2,99,98,000/- രൂപയും, സംസ്ഥാന വിഹിതം 2,00,00,000/-രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ 1,99,98,667 രൂപയും ചേർത്ത് അധിക ധനാനുമതിയായി വകയിരുത്തി അകെ ലഭിക്കാനുള്ള 9,99,96,667/- രൂപ തിരികെ ലഭ്യമാക്കുന്നതിനും, ടി തുക PMAY (G) യുടെ സ്റ്റേറ്റ് നോഡൽ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള സർക്കാർ ഉത്തരവുണ്ടാകണമെന്നും പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

സരക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം 2501-06-796-98(01)(TSP) എന്ന ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 2,99,98,000 രൂപയും, സംസ്ഥാന വിഹിതമായി 2501-06-796-98(02)(TSP) എന്ന ശീർഷകത്തിൽ 1,99,98,667 രൂപയും ചേർത്ത് ആകെ 4,99,96,667 രൂപ അധിക ധനാനുമതിയായി അനുവദിച്ചത് ഉൾപ്പെടെ, പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിക്ക് അനുവദിച്ചതും ഗ്രാമവികസന കമ്മീഷണറുടെ പേരിലുള്ള PSTSB അക്കൗണ്ടിൽ നിന്നും സർക്കാർ തിരിച്ചെടുത്തതുമായ 9,99,96,667/- രൂപ (ഒൻപത് കോടി തൊണ്ണൂറ്റിഒൻപത് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി അറുനൂറ്റി അറുപത്തേഴ് രൂപ മാത്രം) (കേന്ദ്ര വിഹിതമായി 2501-06-796-98-01 (TSP) എന്ന ശീർഷകത്തിൽ നിന്നും 5,99,98,000/- രൂപയും, സംസ്ഥാന വിഹിതമായി 2501-06-796-98-02 (TSP) എന്ന ശീർഷകത്തിൽ നിന്നും 3,99,98,667/- രൂപയും) 2022-23 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചും, ടി തുക പി.എം.എ.വൈ.(ജി)യുടെ സ്റ്റേറ്റ് നോഡൽ ബാങ്ക് അക്കൗണ്ടിലേക്ക് (എസ്.ബി.ഐ. തിരുവനന്തപുരം മെയിൻ ശാഖ അക്കൗണ്ട് നം. 67331730331, IFSC-SBIN-0070028) മാറ്റുന്നതിനും അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രഞ്ജൻ രാജ് ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം

ധനകാര്യ വകുപ്പ് (1956667/ഡെവ-345/2021-ധന. )

തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by M.k.pradeesh Kumar**
**Date: 19-05-2022 14:21:46**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്